# ‘സംതൃപ്തരായിരിക്കുക’

## 1 തിമൊഥിയൊസ് 6:6

“അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും”.

ഇന്നു മനുഷ്യർക്കു ഒരു തരത്തിലും സംതൃപ്തി ഇല്ലാത്തതും സന്തോഷം തോന്നാത്തതു മായ ഒരു ജീവിതമാണുള്ളത്. എന്തു ലഭിച്ചാലും തൃപ്തി അനുഭവിക്കാത്ത അവസ്ഥ. ഇന്നു ഇതു ധാരാളമായി നമ്മുടെ സമൂഹത്തിൽ, കുടുംബങ്ങളിൽ, വ്യക്തികളിൽ കാണപ്പെടുന്നു. അതു നിമിത്തം കുടുംബങ്ങൾ കടക്കെണിയിൽ വീഴുന്നു, ആത്മഹത്യയിലേക്കു നയിക്കപ്പെ ടുന്നു, യൗവ്വനക്കാർ അക്രമവാസനയിലേക്കു തിരിയുന്നു.

ഇതിനു പ്രധാനമായി കാണുന്ന ഒരു കാരണം comparison, മറ്റുള്ളവരെപ്പോലെ ആകാ നുള്ള ആ വ്യഗ്രത, ആയിരിക്കുന്ന അവസ്ഥയിൽ തൃപ്തരല്ല, പരാതി മാത്രം. മറ്റൊന്ന് അനുസരണക്കേട്. വേറൊരാൾ എന്തെങ്കിലും പറഞ്ഞ് നമ്മെ പ്രലോഭിപ്പിക്കുമ്പോൾ, ഉത്സാഹിപ്പിക്കുമ്പോൾ നാം അതിന് വഴങ്ങി കൊടുക്കുന്നു. ദൈവഹിതത്തിന് അനുസരണ മായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് ഒരിക്കൽപോലും ചിന്തിക്കുന്നില്ല.

അതുകൊണ്ട് നാം ആയിരിക്കുന്ന അവസ്ഥയിൽ സംതൃപ്തരായിരിക്കുക. ദൈവം നടത്തുന്ന വഴികൾക്കായി സ്തോത്രം ചെയ്യുക. നാം തൃപ്തി ഉള്ളവരെങ്കിൽ നാം സന്തോഷമുള്ളവരായിരിക്കും. ഏത് അവസ്ഥയിലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്കു കഴിയണം. നമുക്കു ലഭിച്ച നന്മയ്ക്ക് ഒത്തവണ്ണം നാം ദൈവത്തെ സ്തുതിക്കണം. സംതൃപ്തിയോടുകൂടിയ ദൈവഭക്തിയാണു നമുക്കു വേണ്ടത്. എപ്പോഴും നന്ദി കരേറ്റണ്ടത് ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ആയിരിക്കണം. അപ്പോൾ നമുക്ക് സംതൃപ്തിയുള്ള ജീവിതം നയിക്കാൻ പറ്റും.

**പരാമർശം :**

**ഫിലിപ്പിയർ 4:6**

**ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങ ളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്.**

**സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 004**